# നിശാശലഭം

**ഹബീബ് മണ്ണിൽ, അടിമാലി**

ദീപമേ,
നിന്നോടീ
നിശാ ശലഭങ്ങൾക്ക്
പ്രണയമോ പ്രതിഷേധമോ?

# വീട്ടുകാരി

**ജസീൽ കുറ്റിക്കകം**

എന്നും അടുപ്പൂതി
വിറകുകൊള്ളി പോലെയായ അവൾ
ഒരുനാൾ കത്തുന്ന അടുപ്പിലേക്ക്
തന്റെ തല കയറ്റിവെച്ചു.

# കടൽ

**സബീഷ് തൊട്ടിൽപ്പാലം**

ആഴമുള്ളതും, പരന്നതും
അലതല്ലിയതും, നമ്മൾ തന്നെയായി-
രുന്നു.
ഉള്ളിന്റെ ഉള്ളിൽ, നിന്നൊരു
ബാഷ്പീകരണം,
ഒടുവിൽ
നീയെനിക്കു തന്നത്
ഒരു നുള്ള് ഉപ്പായിരുന്നു.
ലയിച്ചു, ലയിച്ചു...
നീയും....?



Vol. No: 71 Issue No. 05 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla